SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 15-08-2021

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണ സമൃദ്ധി 2021 എന്ന പേരിൽ 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം **2000 നാടൻ പഴം - പച്ചക്കറി കർഷക ചന്തകൾ** സംഘടിപ്പിക്കുന്നു. ഈ കർഷക ചന്തകളിലൂടെ പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിയ്ക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇതോടൊപ്പം ഉത്തമ കൃഷി മുറയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 10 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. 2000 കർഷക ചന്തകളുടെ **സംസ്ഥാനതല ഉദ്ഘാടനം** നാളെ (ആഗസ്റ്റ് 16) വൈകിട്ട് 3.30 മണിക്ക് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിച്ച നാടൻ ഉത്പന്നങ്ങളുടെ ഏറ്റുവാങ്ങൽ വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയും പച്ചക്കറികളുടെ ആദ്യ വിൽപ്പന ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജുവും പ്രകൃതി സൗഹൃദ കൃഷിയിലൂടെ ഉൽപാദിപ്പിച്ച ഉത്പന്നങ്ങളുടെ ഏറ്റുവാങ്ങൽ ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി ജി. ആർ. അനിലും നിർവഹിക്കും.

3. സംസ്ഥാന **കർഷകദിനത്തിന്റെ ഉദ്ഘാടനം** ചിങ്ങം 1 (ആഗസ്റ്റ് 17) രാവിലെ 9.30 മണിക്ക് ആലപ്പുഴ ജില്ലാ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പി.പി. സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി

ഹാളിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ കർഷക-കർഷകതൊഴിലാളികളെ ആദരിക്കും.

4. വെറ്ററിനറി സേവനം ലഭ്യമാക്കാൻ വെറ്ററിനറി സർവ്വകലാശാലയുടെ 'കാഫ്' ഇലേക്ക് കർഷകർക്ക് വിളിക്കാം. വെറ്ററിനറി ഡോക്ടർമാരുടെ സേവനം തടസമില്ലാതെ കർഷകർക്ക് ഉറപ്പു വരുത്താൻ വേണ്ടിയാണ് കാഫ് കോൾ സെന്റർ. എല്ലാ ദിവസവും രാവിലെ 9 മുതൽ 12 വരെയും, ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയും 9447030801 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഞായറാഴ്ചയും സേവനം ലഭ്യമാകും.

**പരിശീലന പരിപാടികൾ**

5. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ നിന്നും നാളെ (ആഗസ്റ്റ് 16-ന്) **കാടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരും വാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 16,17 തീയതികളിൽ **പന്നി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **0471 – 2732918, 9188522701.**

7. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (സമേട്ടിയുടെ) ആഭിമുഖ്യത്തിൽ ഈ മാസം 17-ന് **കാർഷിക മേഖലയിലെ ജൈവ സുരക്ഷ, 18-ന് ആരോഗ്യവും ഭക്ഷണവും, 24-ന് താറാവു വളർത്തൽ – അറിയേണ്ടതെല്ലാം, 25-ന് സുഗന്ധവിളകളുടെ ശാസ്ത്രീയ പരിചരണം – ഏലം, ഗ്രാമ്പു, 26-ന് നായ്ക്കളുടെ പ്രജനന**

**പരിപാലനവും നായ്ക്കുട്ടികളുടെ പരിചരണവും, 27-ന് പാഷൻഫ്രൂട്ടിന്റെ വിള പരിപാലനം** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ SametiKeralaExtensionEducationChannel.education** എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 എന്ന നമ്പരിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

8. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 17-ന് **അക്വേറിയം നിർമ്മാണവും പരിചരണവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041, 9567804551** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

9. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 17-ന് **പച്ചക്കറി കൃഷിയിലെ രോഗകീട നിയന്ത്രണം** എന്ന വിഷയത്തിൽ രാവിലെ 11 മണിക്ക് ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് രാവിലെ 10.30 മുതൽ **ഹൈഡ്രോപോണിക്സ് ആന്റ് മെക്കനൈസേഷൻ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ **9400831831** എന്ന വാട്ടസാപ്പ് നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2501706** എന്ന നമ്പരിലോ sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

11. റബ്ബർബോർഡ് റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. റബ്ബർപാലിൽനിന്നുള്ള ഉത്പന്നങ്ങളുടെ നിർമ്മാണമേഖലയിലെ സാധ്യതകൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ പരിശീലനം ആഗസ്റ്റ് 25 മുതൽ 27 വരെ രാവിലെ 10 മണി മുതൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം